# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3684 23.08.2017-ൽ മറുപടിയ്ക്ക്

### ലോട്ടറി ടിക്കറ്റുകളുടെ പരിഷ്കരണം

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാന ലോട്ടറി ടിക്കറ്റുകളുടെ പരിഷ്കരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ടിക്കറ്റ് വില, കമ്മീഷൻ, സമ്മാനത്തുക എന്നിവയുടെ പരിഷ്കരണത്തിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | 50/-രൂപ മുഖവിലയുള്ള സ്ത്രീശക്തി, നിർമ്മൽ, കാരുണ്യപ്ലസ്, കാരുണ്യ എന്നീ പ്രതിവാര ഭാഗ്യക്കുറികളുടെ മുഖവില 30/- രൂപയാക്കി കുറച്ചുകൊണ്ട് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും മുഖവില 30/-രൂപയായി ഏകീകരിക്കുകയും, അറ്റാദായത്തിൽ നിന്നും 5% കുറവ് വരുത്തി പ്രസ്തുത തുക കൂടി സമ്മാനയിനത്തിൽ നൽകുന്നതിന് തീരുമാനിച്ചു കൊണ്ടും 30/-രൂപ മുഖവിലയുള്ള ഭാഗ്യക്കുറികളുടെ നിലവിലുള്ള ഡിസ്കൗണ്ട് നിലനിർത്തിയും, സമ്മാനങ്ങളുടെ എണ്ണത്തിൽ വൻവർദ്ധനവ് വരുത്തിക്കൊണ്ടും 2017 ജൂൺ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും സമ്മാനഘടനകൾ ആകർഷകമാക്കി പരിഷ്കരിച്ചിരുന്നു.<br><br>കേന്ദ്രസർക്കാർ ജി.എസ്.ടി നടപ്പിലാക്കിയതിനെ തുടർന്ന് സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികൾക്ക് 2017 ജൂലൈ 1 മുതൽ 12% ചരക്കുസേവന നികുതി ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനെത്തുടർന്ന് പ്രതിവാര ഭാഗ്യക്കുറികളുടെ മുഖവില 26.8/- രൂപയാക്കി നിജപ്പെടുത്തിയും 12% ചരക്കുസേവന നികുതി കൂടി ചേർത്ത് പരമാവധി വിൽപന വില 30/- രൂപയാക്കി നിലനിർത്തിക്കൊണ്ടും 50% ന് മുകളിൽ സമ്മാനത്തുക അനുവദിച്ചുകൊണ്ടും , പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാനഘടന പരിഷ്കരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 12 സീരീസുകളിലായി പരമാവധി 1 കോടി 8 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്ക വിധത്തിലാണ് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാനഘടനകൾ ആവിഷ്കരിച്ചിരിക്കുന്നത്.<br><br>പ്രതിവാര ഭാഗ്യക്കുറികളുടെ ഡിസ്കൗണ്ട് നിരക്ക്, 2000 ടിക്കറ്റുകൾ വരെ 24 %, 2001 മുതൽ 10,000 ടിക്കറ്റുകൾ വരെ 24.5%,10,000 ടിക്കറ്റിന് മുകളിൽ 25.25% എന്നിങ്ങനെ ഭേദഗതി വരുത്തിയിട്ടുണ്ട്. |
| (സി) | സമ്മാനത്തുക കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിനും പുതിയതായി ഭാഗ്യക്കുറി ഏജൻസി അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ? | (സി) | സമ്മാനത്തുക ലഭ്യമാക്കുന്നതിന്, ലോട്ടറി നിയമം അനുശാസിക്കുന്ന ആവശ്യമായ രേഖകൾ സഹിതം സമർപ്പിക്കുന്ന സമ്മാനടിക്കറ്റുകൾക്ക് താമസം കൂടാതെ തന്നെ സമ്മാനവിതരണം നടത്തി വരുന്നുണ്ട്. സമ്മാനവിതരണ നടപടികൾ വേഗത്തിലാക്കുന്നതിന് വേണ്ടി പുതുതായി ഒരു അപേക്ഷ ഫാറവും തയ്യാറാക്കി നൽകിയിട്ടുണ്ട്.<br><br>ഭാഗ്യക്കുറി ഏജൻസി അനുവദിക്കുന്നതിൽ നിലവിൽ നിയന്ത്രണങ്ങളൊന്നുമില്ല. 18 വയസ് പൂർത്തിയാക്കിയ ഏതൊരാൾക്കും 300/- രൂപ രജിസ്ട്രേഷൻ ഫീസൊടുക്കി, തിരിച്ചറിയൽ കാർഡ്, പാൻകാർഡ് എന്നിവയുടെ പകർപ്പും, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോയും ഹാജരാക്കി ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ നിന്നും ഏജൻസി എടുക്കാവുന്നതാണ്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ.**